20439
26/9/14

Action Today

## കേരള സർക്കാർ

നം. REV-T2/93/2017-REV

**റവന്യൂ (റ്റി) വകുപ്പ്**
തിരുവനന്തപുരം,
തീയതി : 25.09.2017.

## സർക്കുലർ

വിഷയം : - റവന്യൂ വകുപ്പ്- വിദ്യാഭ്യാസ വായ്പാ സഹായ പദ്ധതി - ജി.ഒ(പി) 65/2017/ഫിൻ. തീയതി 16.05.17, ജി.ഒ(പി)നമ്പർ 89/2017/ഫിൻ തീയതി 12.07.2017 - വില്ലേജ് ഓഫീസർ നൽകേണ്ട അർഹത സംബന്ധിച്ച സാക്ഷ്യപത്രം - സംബന്ധിച്ച്.

സൂചന : - 1. ജി.ഒ(പി)നമ്പർ 65/2017/ഫിൻ തീയതി 16.05.2017.
2. ജി.ഒ(പി)നമ്പർ.89/2017/ഫിൻ തീയതി 12.07.2017.

വിദ്യാഭ്യാസ വായ്പാ സഹായ പദ്ധതിയുടെ ആനുകൂല്യത്തിനായി അർഹത സംബന്ധിച്ച സാക്ഷ്യപത്രം വില്ലേജ് ഓഫീസർമാർ നൽകേണ്ടതാണെന്ന് സൂചന (1) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സാക്ഷ്യപത്രത്തിൽ, വില്ലേജ് ഓഫീസർമാർക്ക് അപേക്ഷകനെ മൂന്ന് വർഷത്തിലേറെയായി വ്യക്തിപരമായി പരിചയമുണ്ടെന്ന് പ്രതിപാദിച്ചിട്ടുള്ള ഭാഗം ഒഴിവാക്കിക്കൊണ്ട് സൂചന (2) പ്രകാരം ഭേദഗതി ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സൂചന (2) പ്രകാരം ഭേദഗതി വരുത്തിയ അർഹത സംബന്ധിച്ച സാക്ഷ്യപത്രത്തിൽ അപേക്ഷകന് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന വാർഷിക വരുമാന പരിധിയ്ക്ക് അകത്താണോ വരുമാനം എന്ന കാര്യവും ടിയാന് തൊഴിൽ ഉണ്ടോ എന്ന കാര്യവും അന്വേഷിച്ച് സൂചന (2) ഉത്തരവിൽ നിഷ്കർഷിക്കുന്ന സാക്ഷ്യപത്രം നൽകാൻ എല്ലാ വില്ലേജ് ഓഫീസർമാർക്കും നിർദ്ദേശം നൽകുന്നു.

**പി.എച്ച്.കുര്യൻ**
**അഡിഷണൽ ചീഫ് സെക്രട്ടറി**

കമ്മിഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (എല്ലാ തഹസീൽദാർമാരെയും വില്ലേജ് ഓഫീസർമാരെയും അറിയിക്കുന്നതിലേയ്ക്ക്)
ധനകാര്യ വകുപ്പ് (30.08.2017-ലെ പ്ലാനിംഗ് -എ2/39/2017/ധന. പ്രകാരം)
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങൾക്ക് നൽകുന്നതിന്)
✓വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**